റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി:)

(എ) അല്ല.

(ബി) തിരുവിതാംകൂർ–കൊച്ചിയിലേയും മലബാറിലേയും ശമ്പളം ഏകീകരിച്ചിട്ടില്ല. ശമ്പളസ്കെയിലുകൾ താഴെ ചേർക്കുന്നു:

തിരുവിതാംകൂർ–കൊച്ചി.

വില്ലേജ് ആഫീസർ	ശ്രേ	40-120.
വില്ലേജ് അസിസ്റ്റൻറ്	,,	40-100.
വില്ലേജ് മാൻ	,,	30-40.

മലബാർ.

വില്ലേജ് മാൻ (അധികാരി)	ശ്രേ	20.
കർണ്ണം (വില്ലേജ് മേനോൻ)	,,	20.
കോൽക്കാരൻ	,,	15.

ഹെഡ് കാൺസ്യൂബിം ടെസ്റ്റ്.

* 1629. [30] ശ്രീ. വി. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെൻറിൽ ഹെഡ് കാൺസ്റ്റബിം ടെസ്റ്റ് പാർട്ടായി പാസ്സായിട്ടുള്ളവർക്ക് വീണ്ടും പരീക്ഷയ്ക്ക് ചേരുവാൻ രണ്ട് ചാൻസുകൂടി അനുവദിച്ച് ഉത്തരവുണ്ടായിരുന്നോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് 1956–57–ൽ ടെസ്റ്റ് നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്;

(ഡി) 1958–ൽ ഈ ടെസ്റ്റ് നടത്തിയോ;

(ഇ) മുൻ ഉത്തരവ് അനുസരിച്ച് ഈ വ്യവസ്ഥ തുടരാൻ ഇടയില്ലെന്നറിയുന്നത് ശരിയാണോ;

(എഫ്) ഈ ടെസ്റ്റ് തുടർന്നു നടത്താതിരുന്നാൽ ഡിപ്പാർട്ടുമെൻറിലെ അനേകം ജീവനക്കാരുടെ ഭാവിയെ സാരമായി ബാധിക്കുമെന്ന് സർക്കാർ വിചാരിക്കുന്നുണ്ടോ;

(ജി) ഈ ടെസ്റ്റ് പാസ്സാകുന്നതിനു കുറഞ്ഞത് എത്ര മാർക്ക് വേണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ജനറൽ ഹെഡ് കാൺസ്റ്റബിം ടെസ്റ്റിനു നിശ്ചയിച്ചിട്ടുള്ള വിഷയങ്ങളിൽ ചിലതുമാത്രം പാസ്സായിട്ടുള്ളവർക്ക് ബാക്കി വിഷയങ്ങളിൽ പാസ്സാകുവാൻ 1958–ാം വർഷം അവസാനംവരെ കാലാവധി അനുവദിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് തിരുവിതാംകൂർ–കൊച്ചിപ്രദേശത്തു നിലവിലുണ്ടായിരുന്നു.

(ബി) (എ)-യിലുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ള ഉത്തരവ് 1957–ൽ അവസാനം പുറപ്പെടുവിച്ചിട്ടുള്ളതുകൊണ്ട്, 1956, 1957 എന്നീ വർഷങ്ങളിൽ ടെസ്റ്റ് നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സ്) ഹൈഡ്രോ കോൺസ്റ്റബിളായി പ്രമോട്ടുചെയ്യുവാൻ നേരത്തെ പരീക്ഷയോഗ്യത നേടിയിട്ടുള്ള പലരും ഉണ്ടായിരുന്നു.

(ഡി) നടത്തി.

(ഇ) അതെ; മുൻഉത്തരവിന്റെ പ്രാബല്യം 1958-ൽ തീർന്നു.

(എഫ്) റൂളനുസരിച്ചും നിലവിലുള്ള വേക്കൻസി അനുസരിച്ചും ഇന്റർവ്യൂകൾ നടത്തപ്പെടുന്നതാണ്.

(ജി) 40 ശതമാനം.

പഞ്ചായത്തു തെരഞ്ഞെടുപ്പ്.

*1630. [34] ശ്രീ. എൻ. ഗണപതി: കിഴക്കൻ കാട്ടുപാടം വില്ലേജുകളുടെ സ്വതന്ത്ര ചുമതലയുള്ള തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി അവർകൾ ദയവായി പറയുമോ:

(എ) 1959-ൽ കണ്ടിപ്പായ് പഞ്ചായത്തു തെരഞ്ഞെടുപ്പിന്റെ നടപടികൾ പൂർത്തിയാകുന്നതിനുള്ള തീയതി എന്നാണ്;

(ബി) ഇതുവരെ നടപടികൾ പൂർത്തിയാകാത്തതിന്റെ കാരണം എന്താണ്;

(സി) ഈ പഞ്ചായത്തിലെ വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ എന്നാണ് ആരംഭിച്ചത്;

(ഡി) പഞ്ചായത്തിലെ വാർഡുകളുടെ പുനർവിഭജനം എന്നാണ് നടത്തിയത്;

(ഇ) പുനർവിഭജനത്തിനുശേഷം വാർഡുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്ര വാർഡുകൾ കൂടുതലുണ്ടായി;

(ജി) പുനർവിഭജനത്തിനുശേഷം വാർഡുകളുടെ അതിരുകളിൽ വ്യത്യാസം വന്നിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എത്ര വാർഡുകളുടെ അതിരുകൾക്കാണ് വ്യത്യാസം വന്നിട്ടുള്ളത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാണ്ടൻ):

(എ) തീർച്ചപ്പെടുത്തിയിട്ടില്ല.

(ബി) പഞ്ചായത്തു് ആക്ട് പാസ്സായതിനെത്തുടർന്നുള്ള തിരഞ്ഞെടുപ്പിനു് നടപടി എടുക്കുന്നതാണു്.

(സി) (1) പഞ്ചായത്തു് ഡിലിമിറേഷൻ പൂർത്തിയാകാനുള്ള താമസം.

(2) പഞ്ചായത്തുകളിൽ നിയമമാകുവാനുള്ള താമസം.

അറബിക് ലോവർ എക്സാമിനേഷൻ.

*1631. [39] ശ്രീമതി കുസുമം ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) 1960 മാർച്ചു മുതൽ അറബിക് ലോവർ എക്സാമിനേഷൻ നിർത്തൽ ചെയ്യുവാൻ തീരുമാനങ്ങൾ എടുത്തുകഴിഞ്ഞുവോ;

(ബി) കഴിഞ്ഞെങ്കിൽ അതിന്റെ കാരണമെന്തു്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) & (ബി) ഗവണ്മെന്റിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly